"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. ദീപു.കെ.എസ്-ന് പ്രത്യേക അവശതാവധി അനുവദിച്ച് നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.256/2024/F&WLD തീയതി, തിരുവനന്തപുരം, 11-06-2024.

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.12.2023 ലെ ഇ8-3714/2023 നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ ഷോളയാർ റേഞ്ചിലെ ഷോളയാർ ഫോറസ്റ്റ് സ്റ്റേഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ദീപു.കെ.എസ്-ന് 29.12.2022 മുതൽ 22.03.2023 വരെ 84 ദിവസത്തേയ്ക്ക് പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശ കത്ത് പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. കോമ്പിങ് ഡ്യൂട്ടി അവസാനിച്ച ശേഷം ഷോളയാർ ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും ഇരുചക്ര വാഹനത്തിൽ വീട്ടിലേയ്ക്ക് പോകവേയാണ് ശ്രീ. ദീപു.കെ.എസ് ന് അപകടം സംഭവിച്ചിട്ടുള്ളത്. ശ്രീ. ദീപു.കെ.എസ് ന് അപകടം സംഭവിച്ചത് ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങവേയാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, Appollo Adlux ഹോസ്പിറ്റലിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഹാജരാക്കിയിട്ടുണ്ട്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ ജോലി നിർഹിക്കുന്നതിനും ആയതിനു ശേഷം തിരികെ വീട്ടിലേയ്ക്ക് പോകുന്നതിനുമാണ് ടിയാന് വാഹനത്തിൽ യാത്ര ചെയ്യേണ്ടി വന്നതും അപകടം സംഭവിച്ചിട്ടുള്ളതും.

3. മേൽ സഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ ഷോളയാർ റേഞ്ചിലെ ഷോളയാർ ഫോറസ്റ്റ് സ്റ്റേഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. ദീപു.കെ.എസ്-ന് ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങവേയുണ്ടായ അപകടത്തെ തുടർന്നുണ്ടായ അവശതയ്ക്ക് 29.12.2022 മുതൽ 20.03.2023 വരെ (21.03.2023 തീയതിയിലെ മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിനാൽ) 82 ദിവസത്തേയ്ക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 97(1), ചട്ടം 98 എന്നിവ പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ശ്രീ. ദീപു.കെ.എസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ,കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) ,കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (02.04.2024 ലെ 2639955/അഗ്രി-എ1/311/2023-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 11-06-2024 15:07:08
സെക്ഷൻ ഓഫീസർ